പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1506 13.07.2011-ൽ മറുപടിയ്ക്ക്

വീടുകൾ സൗജന്യ നിരക്കിൽ വൈദ്യുതീകരിക്കുന്നതിന് പദ്ധതി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) | |
| (എ) | തെക്കൻ ജില്ലകളിൽ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള കുടുംബ ങ്ങളുടെ വീടുകൾ സൗജന്യ നിരക്കിൽ വൈദ്യുതീകരിക്കുന്നതിന് പദ്ധതി നിലവിലുണ്ടോ ; | (എ) | തെക്കൻ ജില്ലകൾ ഉൾപ്പെടെ കേരളത്തിലുള്ള 7 ജില്ലകളിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങ ളുടെ വീടുകൾ സൗജന്യമായി വൈദ്യുതീകരിക്കുന്നതിന് നിലവി ലുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീ കരൺ യോജന പ്രകാരം 16-06-11ന് കേന്ദ്ര സർക്കാരുമാ യുണ്ടായ ചർച്ചയിൽ അനുമതി നൽകാൻ കേന്ദ്ര സർക്കാർ സമ്മതിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പദ്ധതിയുടെ വിശദാം ശങ്ങൾ നൽകുമോ ? | (ബി) | ഈ പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ 3034 ബി.പി.എൽ വീടുകളും, കൊല്ലം ജില്ലയിൽ 718 ബി.പി.എൽ വീടുകളും, പത്തനംതിട്ട ജില്ലയിൽ 1977 ബി.പി.എൽ വീടുകളും, കോട്ടയം ജില്ലയിൽ 1118 ബി.പി.എൽ വീടുകളും, ആലപ്പുഴ ജില്ലയിൽ 5486 ബി.പി.എൽ വീടുകളും, എറണാകുളം ജില്ലയിൽ 3828 ബി.പി.എൽ വീടുകളും തൃശ്ശൂർ ജില്ലയിൽ 2678 ബി.പി.എൽ വീടുകളും വൈദ്യുതീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ.